(ബി) ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തസ്തികകളുടെ വിശദവിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

മറ്റത്തൂർ മദർ പി.എച്ച്.സി.

7 (672) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ മറ്റത്തൂർ മദർ പി.എച്ച്.സി.-യോട് ചേർന്ന ക്വാർട്ടേഴ്സുകൾ ഉപയോഗയോഗ്യമല്ലാതായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ പുനർനിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഞ്ച് ക്വാർട്ടേഴ്സുകളാണ് ഉപയോഗയോഗ്യമല്ലാത്തത്. ഇതിന്റെ അൺഫിറ്റ് സർട്ടിഫിക്കറ്റ്, സർവ്വേ റിപ്പോർട്ട് എന്നിവ സഹിതം ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള പ്രൊപ്പോസലും പുതിയവ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലും ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

സർക്കാർ ആശുപത്രികളിലെ ജീവനക്കാരും അവശ്യമരുന്നുകളും

8 (673) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ ആവശ്യമരുന്നുകൾ വെട്ടിക്കുറച്ചതുമൂലവും വേണ്ടത്ര ഡോക്ടർമാരും നഴ്സുമാരും ഇല്ലാത്തതുമൂലവും രോഗികൾക്ക് മതിയായ ചികിത്സ ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം പാവപ്പെട്ട രോഗികൾ കൂടുതലായി സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ടതായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവശ്യമരുന്നുകൾ എത്ര തവണ വെട്ടിക്കുറച്ചിട്ടുണ്ട് ; ഓരോ വർഷവും നിലവിലുണ്ടായിരുന്നതെത്രയെന്നും വെട്ടിക്കുറച്ചതെത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ ;

(ഡി) ഇതിൽ ഏതെല്ലാം മാരകരോഗങ്ങൾക്കുള്ള മരുന്നുകളാണ് വെട്ടിക്കുറച്ചത് ;

(ഇ) നിലവിൽ ഡോക്ടർമാരുടെയും നഴ്സുമാരുടേയും എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകളിലെല്ലാംതന്നെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖാന്തിരവും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന 2011-നുശേഷമുള്ള സാമ്പത്തിക വർഷങ്ങളിലെ മരുന്നുപട്ടികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	2012-13	2013-14	2014-15	2015-16
മരുന്ന് ഇനം	518	832	771	585

2014-15 : ഇതിൽ ചില മരുന്നുകൾ വ്യാപകമായി ഉപയോഗിക്കുന്നില്ല. ചില മരുന്നുകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം, മറ്റു ചില മരുന്നുകൾ പല സ്ട്രെങ്ത്തിൽ ലഭ്യമാണ് തുടങ്ങിയ കാരണങ്ങളാൽ 2014-15 സാമ്പത്തിക വർഷത്തെ മരുന്നുപട്ടിക പുനഃപരിശോധിച്ച് കാൻസർരോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉൾപ്പടെ 771 ഇനം മരുന്നുകളാക്കി നിജപ്പെടുത്തി.

2015-16: നിലവിലുള്ള 771 ഇനം മരുന്നുകളുടെ പട്ടിക, ദേശീയ മരുന്നു പട്ടികയ്ക്കനുസരിച്ച് (National List of Essential Medicines -NLEM) പുതുക്കി

LIBRARY ARCHIVES Kerala Legislative Assembly

നിർണ്ണയിച്ച അതനുസരിച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങളനുസരിച്ച് ഓരോ മരുന്നുകളും വിശദമായി വിശകലനം ചെയ്യുകയുണ്ടായി :

1. പ്രസ്തുത ഇനത്തിന്റെ വാർഷിക ഇൻഡന്റ്.
2. വിതരണക്കാരെ ലഭ്യമാകാത്തതിന്റെ വിശദാംശങ്ങൾ.
3. ദേശീയ അവശ്യമരുന്ന പട്ടികയിലുള്ള (NLEM) പ്രസ്തുത മരുന്നിന്റെ സ്ഥാനം.
4. മരുന്ന പട്ടികയിൽ പ്രസ്തുത മരുന്നിനുപകരം ഉപയോഗിക്കാൻ സാധിക്കുന്ന മരുന്നിന്റെ ലഭ്യത/മരുന്നിന്റെ സ്റ്റെങ്ത് ആദിയായവ.
5. മരുന്നിന് വിതരണക്കാരെ ലഭിക്കാത്തത് അതിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച തെറ്റുകളാലാണോ തുടങ്ങിയവ.
6. മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള ജനറിക് മരുന്നനയം എന്നിവ

അതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തെ മരുന്നും അനുബന്ധ ഉപകരണങ്ങളുടെയും അന്തിമ പട്ടിക 585 ആക്കി പുനർനിർണ്ണയിച്ചു.

(ഇ) ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡോക്ടർമാരുടെ ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:

അഡ്മിനിസ്ട്രേറ്റീവ് കേഡർ	- 41
ജനറൽ കേഡർ	- 136
സ്പെഷ്യാലിറ്റി കേഡർ	- 410
സ്റ്റാഫ് നേഴ്സ് ഗ്രേഡ് -I	- 23

സ്റ്റാഫ് നേഴ്സ് ഗ്രേഡ് II-ന്റെ നിയമനം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ ആയതിനാൽ കാലാകാലങ്ങളിലെ ഒഴിവുകൾ ബന്ധപ്പെട്ട ജില്ലാ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ വിഭാഗങ്ങളിലായി 486 ഡോക്ടർമാരുടെയും 877 നഴ്സുമാരുടെയും ഒഴിവുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly